# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2372 14.06.2019- ൽ മറുപടിക്ക്

### ചാലക്കുടി മണ്ഡലത്തിലെ വൈഗൈ ത്രഡ്സ് കമ്പനി

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിൽ മധുര കോട്സ് കമ്പനിയ്ക്ക് & സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾക്കും വിവിധ വികസനാവശ്യങ്ങൾക്കും പ്രയോജനപ്പെടുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) (ബി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്കു സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച് വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി.വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്തു ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു.കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതു കൊണ്ടു തന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്തു ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു.ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. |

| | |
|---|---|
| | ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായസംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | |
| (സി) വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് അർഹമായ സഹായം ലഭ്യമാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) വൈഗ ത്രഡ്സ് കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സഹായം ലഭ്യമാക്കുന്നതിന് 11.07.2018 ന് ചേർന്ന യോഗതീരുമാന പ്രകാരം തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഒരു പാക്കേജ് തയ്യാറാക്കി സമർപ്പിക്കുവാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുകയും പ്രസ്തുത പാക്കേജ് ലേബർ കമ്മീഷണർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ 4 വിഭാഗങ്ങളിലായി ആനുകൂല്യം ലഭിക്കേണ്ട തൊഴിലാളികളുടെ എണ്ണം, ഓരോ വിഭാഗത്തിലും എത്ര വീതം തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭ്യമാക്കേണ്ടത്, തൊഴിലാളികളുടെ വിശദവിവരം എന്നിവ കൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് ലേബർ കമ്മീഷണറിൽ നിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ